ശ്രീ. എൻ. കെ. ശേഷൻ : ഈ കാര്യങ്ങളെ സംബന്ധിച്ച് തീർപ്പു കൽപിക്കാനുള്ള സമിതിയുണ്ടെന്ന് പറഞ്ഞു. അതിനുള്ള മെഷീനറി ഏതാണ് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതിനൊരു ബോർഡുണ്ട്. അതിൽ ജനറൽ മാനേജരും എൻകപയറി ഓഫീസറുമുണ്ട്. മാത്രമല്ല ഒരു അപ്പീൽ ബോർഡുമുണ്ട്. അതിൽ ഡിസ്ട്രിക്ട് ജഡ്ജിയുടെ പദവിയിലുള്ള ഒരു ജഡ്ജിയുമുണ്ട്. ആ ബോർഡിൽ വെച്ചാണ് ആവശ്യമായ നടപടികളും സ്വീകരിക്കുന്നത്.

ശുദ്ധജലവിതരണം

* 188. [688] ശ്രീ എം. എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികൾക്ക് ജലവിതരണത്തിനുള്ള പൈപ്പുകൾ പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് വകുപ്പിൽ നിന്നാണോ നൽകുന്നത് ;

(ബി) ആണെങ്കിൽ ഈ പൈപ്പുകൾ ആരോടാണ് വാങ്ങുന്നത് ; സർക്കാർ വക പ്രീമോ പൈപ്പ് ഫാക്ടറിയിൽ നിന്നല്ലാതെ പൈപ്പുകൾ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരോടാണ് വാങ്ങിയിട്ടുള്ളത് ;

(സി) പാലാ മുനിസിപ്പാലിറ്റിയിലെ ജലവിതരണത്തിനുള്ള പൈപ്പുകൾ പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് വകുപ്പിൽനിന്നു നൽകിയതാണോ ; ആണെങ്കിൽ എന്തു വിലയായി ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) :

(എ) മുൻസിപ്പാലിറ്റികളിലെ ശുദ്ധജല വിതരണ പദ്ധതികൾക്കാവശ്യമായ പൈപ്പുകൾ ഡിപ്പാർട്ടുമെൻറിൽനിന്നും നേരിട്ടു വാങ്ങി ഉപയോഗിക്കുകയാണ് ചെയ്യാറുള്ളത്.

(ബി) ജലവിതരണ പദ്ധതികൾക്കായി പല തരത്തിലുള്ള പൈപ്പുകൾ ഉപയോഗിക്കാറുണ്ട്. കേരള പ്രീമോ പൈപ്പ് ഫാക്ടറിയിൽ പല അളവുകളിലുള്ള പ്രീ സ്ട്രെസ്ഡ് കോൺക്രീറ്റ് പൈപ്പുകളാണ് നിർമ്മിക്കപ്പെടുന്നത്. ഈ പൈപ്പുകൾ ആവശ്യമുള്ളിടത്തോളം ആ ഫാക്ടറിയിൽനിന്നും, ആസ്ബസ്റ്റോസ് സിമൻറ് പൈപ്പുകൾ, കാസ്റ്റ് ഗാൽവനൈസ്ഡ് അയൺ പൈപ്പുകൾ മുതലായവ അതാതു നിർമ്മാതാക്കളിടേയോ, അവയുടെ അംഗീകൃത വിതരണക്കാരിടേയോ പക്കൽ നിന്നുമാണ് വാങ്ങിക്കുന്നത്.

(സി) പാലാ ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടുള്ള പൈപ്പുകൾ പബ്ലിക്ക് ഹെൽത്ത് എൻജിനീയറിംഗ് വകുപ്പിൽനിന്നും വാങ്ങിയതാണ്. ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടുള്ള പൈപ്പുകളിടേയും സ്പെഷ്യൽസുകളിടേയും വില 4,33,103 രൂപ 88 പൈസയാണ്.

ശ്രീ. എം. എം. തോമസ് : ഇന്ത്യൻ ഓയിൽ റിഫൈനറിയിൽനിന്നും റിജക്ട് ചെയ്തിട്ടുള്ള പൈപ്പുകൾ സ്വകാര്യവ്യക്തികൾ വാങ്ങുകയും, പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറ് അതു നെഗോഷിയേറ്റു ചെയ്തു വാങ്ങി ഉപയോഗിക്കുകയുമാണ് ചെയ്തിട്ടുള്ളതെന്നകാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇപ്പോഴാണ് ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടത്. അതേക്കുറിച്ച് അന്വേഷിക്കാം.

ശ്രീ. കെ. എം. ജോർജ്ജ് : പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറ് സ്വകാര്യവ്യക്തികളിൽനിന്നും പൈപ്പ് വാങ്ങുകയുണ്ടായിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതേക്കുറിച്ച് അന്വേഷിച്ച് മറുപടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. കരുണാകരൻ : അംഗീകൃത ഏജൻറുകളിൽനിന്നാണ് വാങ്ങിയതെന്നു പറഞ്ഞു. കൊട്ടേഷൻ വിളിച്ചു വാങ്ങിയതാണോ അതോ ഓപ്പൺ മാർക്കറ്റിൽനിന്നു വാങ്ങിയതാണോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഗവണ്മെൻറ് സ്ഥാപനങ്ങൾക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനു ചില വ്യവസ്ഥകളുണ്ട്. അതനുസരിച്ച്, സ്റ്റോർസ് പർച്ചേസ് വ്യവസ്ഥയനുസരിച്ചാണ് വാങ്ങിയത്.

ശ്രീ. കെ. എം. ജോർജ്ജ് : പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെൻറ് ഏതു തരത്തിലുള്ള പൈപ്പാണ് വാങ്ങിയതെന്നും, ആരിൽനിന്നാണ് വാങ്ങിയതെന്നുമുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി അനേഷിച്ചിട്ടില്ലെന്നാണോ പറയുന്നത്.

ശ്രീ. ബി. വെല്ലിംഗ്ടൺ : അതാണ് ഞാൻ 'ബി' ചോദ്യത്തിനു് ഉത്തരമായി പറഞ്ഞത്, ഈ പൈപ്പുകൾ ആവശ്യമുള്ളിടത്തോളം പ്രീമോ പൈപ്പ് ഫാക്ടറിയിൽനിന്നും, ആസ്ബസ്റ്റോസ് സിമൻറ് പൈപ്പുകൾ, കാസ്റ്റ് ഗാൽവനൈസ്ഡ് അയൺ പൈപ്പുകൾ മുതലായവ അതാതു നിർമ്മാതാക്കളിൽനിന്നോ, അവയുടെ അംഗീകൃത വിതരണക്കാരുടേയോ പക്കൽനിന്നുമാണ് വാങ്ങിക്കുന്നത് എന്നു്.

ശ്രീ കെ. എം. ജോർജ്ജ് : ഈ പൈപ്പുകൾ എങ്ങനെയാണ് വാങ്ങിയത് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ടെൻഡർ വിളിച്ചാണ് വാങ്ങിയത്.

ശ്രീ. ടി. എ. മജീദ് : പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെൻറ് എന്നുമുതലാണ് ഈ പൈപ്പുകച്ചവടം തുടങ്ങിയത് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെൻറാണ് ഈ വർക്കുകൾ നടത്തുന്നത്. ആവശ്യമായ പൈപ്പുകൾ കിട്ടുന്ന സ്ഥലങ്ങളിൽനിന്നു് ടെൻഡർ മുഖേനയോ, കാൺട്രാക്ട് മുഖേനയോ വാങ്ങിയാണ് ഈ ജോലി ഡിപ്പാർട്ടുമെൻറ് ചെയ്യുന്നത്. അല്ലാതെ കച്ചവടം നടത്തുകയല്ല ചെയ്യുന്നത്. കച്ചവടത്തെപ്പറ്റി ചിന്തിക്കുന്നവർക്കു് അങ്ങനെയേ തോന്നൂ.

ശ്രീ. ടി. എ. മജീദ് : പാലാ മുനിസിപ്പാലിറ്റിയിൽ പൈപ്പിടുന്നതിൻറെ ജോലിനടത്തുന്നതാരാണ് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : പബ്ലിക് ഹെൽത്തു് എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറുതന്നെയാണ് ആ ജോലി നിർവ്വഹിക്കുന്നത്.

ശ്രീ. ബി. മാധവൻനായർ : പാലാ മുനിസിപ്പാലിറ്റിക്കാവശ്യമായ പൈപ്പ് വാങ്ങുന്നതിനുള്ള ടെൻഡർ വിളിച്ചതു് എന്നാണ് ? നാല്പതുലക്ഷത്തിലധികം രൂപയുടെ എസ്റ്റിമേറുള്ള ഈ ടെൻഡർ ഒന്നിച്ചാണോ വിളിച്ചതു്, അതോ പാർട്ടായിട്ടാണോ വിളിച്ചതു് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ആവശ്യമുള്ള പൈപ്പുകളുടെ ടെൻഡർ ഒരുമിച്ചാണ് വിളിച്ചതു്. ചില സാധനങ്ങൾ ചില കമ്പനിക്കാരിൽനിന്നു മാത്രമേ കിട്ടുകയുള്ളൂ. സ്റ്റോർസ് പർച്ചേസ് വ്യവസ്ഥപ്രകാരം തന്നെയാണ് ഈ സാധനങ്ങൾ വാങ്ങിയിട്ടുള്ളതു്.

ശ്രീ കെ. കരുണാകരൻ : ടെൻഡർ വിളിച്ചപ്പോൾ എത്ര ടെൻഡർ ഉണ്ടായിരുന്നു ? ലോവസ്റ്റ് ടെൻഡറിനാണോ കൊടുത്തത് ;

ശ്രീ. ബി. വെല്ലിംഗ്ടൺ : ലോവസ്റ്റ് ടെൻഡറിനു തന്നെയാണ് കൊടുത്തിട്ടുള്ളതു്.

ശ്രീ. കെ. എം. ജോർജ്ജ് : ലോവസ്റ്റ് ടെൻഡർ ഏതു നിർമ്മാതാവിൻറെതായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ : നോട്ടീസ് വേണം.

ശ്രീ. എം. എം. തോമസ് : ഈ പൈപ്പുകൾ ആരിൽനിന്നാണ് വാങ്ങിയിട്ടുള്ളതെന്നുള്ളതിന് ഇതു വരെ മറുപടി കിട്ടിയിട്ടില്ല.

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇപ്പോൾ ആ വിവരം എന്റെ കൈവശമില്ല.

ശ്രീ ഇ. ചന്ദ്രശേഖരൻനായർ : ടെൻഡർ വിളിച്ചാണോ വാങ്ങിയത്, അതോ, ഓയിൽ റിഫൈനറിയിൽനിന്ന് റിജക്ട്ചെയ്ത പൈപ്പാണോ വാങ്ങിയതെന്ന ചോദിച്ചപ്പോൾ, അതേക്കുറിച്ച വിവരമില്ലെന്നുപറഞ്ഞു. ഇപ്പോൾ പറയുന്നു, ടെൻഡർ വിളിച്ചാണ് വാങ്ങിയതെന്ന്. ഇതിൽ ഏതാണ് ശരി ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അങ്ങനെ വിവരമില്ലെന്നല്ല പറഞ്ഞത്. ആ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങനെയാണോ എന്നു അന്വേഷിക്കാമെന്നാണ് പറഞ്ഞത്.

ശ്രീ. ബി. മാധവൻനായർ : സ്റ്റോർസ് പർച്ചേസ് മുതലായവ പരിശോധിച്ച് നാലു ലക്ഷം രൂപാവരെയുള്ള പർച്ചേസ് ഫയലുകൾ കൺസേൺഡ് മന്ത്രിവരെ കാണണമെന്നുണ്ട്. ഈ പർച്ചേസ് വകുപ്പുമന്ത്രി മാത്രമാണോ അംഗീകരിച്ചിട്ടുള്ളത്, അതോ, അതിനുമുകളിൽ സ്റ്റോർസ് പർച്ചേസ് മന്ത്രിയും മുഖ്യമന്ത്രിയും കണ്ടിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതു ഇപ്പോൾ പറയാൻ പറ്റുകയില്ല.

ശ്രീ. കെ. എം. മാണി : ആരിൽനിന്നാണ് ഈ പൈപ്പ് വാങ്ങിയിട്ടുള്ളതെന്ന പ്രസക്തമായ ചോദ്യത്തിന് മന്ത്രി മറുപടിപറയാതെ ബോധപൂർവ്വം ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്. ആരിൽനിന്നാണ് ഈ പൈപ്പ് വാങ്ങിയിട്ടുള്ളതെന്നുള്ളതിന് ഉത്തരം പറയാമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ബഹുമാനപ്പെട്ട മെമ്പറുടെ ഈ ചോദ്യത്തിനു 'അന്വേഷിക്കാമെന്നു' ഞാൻ ഒരിക്കൽ മറുപടി പറഞ്ഞതാണ്.

ശ്രീ എം. എം. തോമസ് : പബ്ലിക്ക് ഹെൽത്തു് എൻ ജി നീ യ റിം ഗ് ഡിപ്പാർട്ടുമെന്റ് അന്തിച്ചന്തതോറും നടന്ന് പൈപ്പ് വാങ്ങിയെന്നാണോ പറയുന്നത് ? പലയിടത്തുനിന്നും വാങ്ങിയ കാര്യമല്ല ചോദിച്ചത്. വ്യക്തമായി, ആരിൽനിന്നാണ് പൈപ്പ് വാങ്ങിയതെന്നു ചോദിച്ചിട്ട് അതിനു മറുപടി പറയാതിരിക്കുന്നതു് കഷ്ടമാണ്.

ശ്രീ ബി. വെല്ലിംഗ്ടൺ : ബഹുമാനപ്പെട്ട മെമ്പർക്ക് 'അന്തിച്ചന്തയും കള്ളുഷാപ്പും' മാത്രമേ പരിചയമുള്ളൂ. ഇതു് അങ്ങനെയുള്ള കാര്യമല്ല.

(ഈ സമയം ചോദ്യങ്ങളുമായി ശ്രീ. ഇ. ചന്ദ്രശേഖരൻനായർ, ശ്രീ. എൻ. കെ. ശേഷൻ, ശ്രീ. കെ. ടി. ജോർജ്ജ്, ശ്രീ. കെ. എം. മാണി മുതലായ മെമ്പർമാർ ചാടിയെണീറ്റു. അവർ പലതും വിളിച്ചു പറയുന്നുണ്ടായിരുന്നു. കുറേനേരത്തേക്ക് സഭ ശബ്ദമുഖരിതമായി)

മി. സ്പീക്കർ : ഇങ്ങനെയുള്ള കമന്റുകൾ ഒഴിവാക്കുന്നതു് നല്ലതായിരിക്കും.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ബഹുമാനപ്പെട്ട മെമ്പർ അന്തിച്ചന്തയുടെ കാര്യം പറഞ്ഞതു് ഒഴിവാക്കണം.

മി. സ്പീക്കർ : ഇങ്ങനെ ചോദ്യം ചോദിച്ചിട്ട് പ്രൊവോക്ക് ചെയ്യുന്നതു് ശരിയല്ല; ഈ രീതിയിൽ മറുപടിപറയുന്നതും ശരിയല്ല.

ശ്രീ. കെ. കരുണാകരൻ : മന്ത്രി പറഞ്ഞതു് withdraw ചെയ്യണം.

ശ്രീ. കെ. ടി. ജോർജ്ജ് : മന്ത്രി പറഞ്ഞതു് withdraw ചെയ്യണം.

ശ്രീ. ബി. വെല്ലിംഗ്ടൺ : അന്തിച്ചന്തയുടെ കാര്യം പറഞ്ഞപ്പോഴും കള്ളഷാപ്പിന്റെ കാര്യം വരുമെന്നുദ്ദേശിച്ചാണു് ഞാൻ പറഞ്ഞതു്. വാട്ടർ പൈപ്പു് അന്തിച്ചന്തയിൽ കിട്ടുമെന്നു പറയുന്ന ഒരു മെമ്പറെപ്പറ്റി മറ്റൊന്നു പറയാൻ കഴിയും. അതുകൊണ്ടാണു് അന്തിച്ചന്തയിൽ നിന്നും കിട്ടുകയില്ലെന്നു പറഞ്ഞതു്.

ശ്രീ: കെ. എം. ജോർജ്ജു് : ഇതുപോലുള്ള പൈപ്പുകൾ പ്രീമോ പൈപ്പു ഫാക്ടറി ഒഴികയുള്ള നിർമ്മിതാക്കളിൽനിന്നു വാങ്ങുമെന്നു പറഞ്ഞു. ഈ കേസിൽ ആരോടാണു് വാങ്ങിയിട്ടുള്ളതെന്നും പിന്നെയും പിന്നെയും ചോദിച്ചിട്ടു് അതറിഞ്ഞുകൂടാ എന്നു പറയുമ്പോൾ സ്വഭാവികമായിതന്നെ അതിൽ എന്തോ മൂടിവയ്ക്കുന്നോ എന്നു് സംശയം വരുന്നുണ്ടു്. അങ്ങനെ വരുമ്പോൾ ചോദ്യം ചോദിച്ച ബഹുമാനപ്പെട്ട മെമ്പർ അന്തിച്ചന്ത എന്നു പറയുന്നതിൽ ആക്ഷേപമൊന്നുമില്ല. പാവപ്പെട്ട ആളുകൾ അത്യാവശ്യമുള്ള സാധനങ്ങൾ വാങ്ങുന്ന സ്ഥലമാണു് അന്തിച്ചന്ത. അന്തിച്ചന്ത എന്നു പറയുമ്പോൾ കള്ളഷാപ്പിനെക്കുറിച്ചു പറയുന്നതു് തീർച്ചയായിട്ടും അപലപനീയമാണു്. അങ്ങനെ പറഞ്ഞതു് ആക്ഷേപകരമാണു്. അതുകൊണ്ടു് തീർച്ചയായിട്ടും മന്ത്രി അതു പിൻവലിക്കണം.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ചോദ്യോത്തരവേളയിൽ ചോദ്യം ചോദിക്കുകയും മറുപടി വാങ്ങുകയും ചെയ്യുമ്പോൾ ചിലപ്പോൾ ഇത്തരത്തിലുള്ള സന്ദർഭങ്ങൾ ഉണ്ടാകും. ഇതിനെ സംബന്ധിച്ചിടത്തോളം ഇതു വലുതായിട്ടുള്ള പർവ്വത പ്രസംഗങ്ങളൊന്നും ആവശ്യമില്ലാത്തതാണു്. ഈ രീതി തുടരുകയാണെങ്കിൽ വലിയ ഗുണം ചെയ്യുന്നതല്ല.

ശ്രീ സി. ബി. ചന്ദ്രശേഖരവാര്യർ : അന്തിച്ചന്ത എന്നവാക്കു് ആദ്യം ഉപയോഗിച്ചതു മെമ്പറാണു്. അന്തിച്ചന്തയിൽനിന്നു് പൈപ്പു വാങ്ങുന്ന പ്രശ്നമേയില്ല. അപ്പോൾ അന്തിച്ചന്ത എന്നു പറഞ്ഞതു് പിൻവലിക്കേണ്ട കള്ളഷാപ്പെന്നു പറഞ്ഞതു മാത്രം പിൻവലിക്കണമെന്നു പറയുന്നതു് ശരിയല്ല. എങ്കിൽ മുഴുവൻ മാറ്റിയാൽ മതി.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : സർ. അന്തിച്ചന്തയും കള്ളഷാപ്പും ഒരേ രീതിയിൽ കാണണമെന്നു പറയുന്നതു് ഒരിക്കലും ശരിയല്ല.

മി. സ്പീക്കർ : ഈ വാദപ്രതിവാദം നിറുത്തേണ്ട സമയമായി. അന്തിച്ചന്ത എന്നു പറയുന്ന വാക്കും കള്ളഷാപ്പെന്നു പറയുന്ന വാക്കും അൺപാർലമെന്ററിയല്ല. പക്ഷേ അതുപയോഗിക്കുന്ന സന്ദർഭവും സാഹചര്യവും അനുസരിച്ചിരിക്കും അതിന്റെ അർത്ഥം. ചില സന്ദർഭങ്ങളിൽ അതുപയോഗിച്ചാൽ ചില ആളുകൾക്കു് രസിച്ചെന്നു വരികയില്ല. എന്തായാലും അന്തിച്ചന്ത എന്നു പറഞ്ഞെന്നു വരികിൽ പോലും മന്ത്രി പ്രൊവോക്കു് ചെയ്തു് കള്ളഷാപ്പെന്നു പറയാൻ പാടില്ലായിരുന്നു. സഭയുടെ പൊതുവെയുള്ള അഭിപ്രായമനുസരിച്ചു് അതു വേണ്ടായിരുന്നു. I do not say the Minister should apologise or withdraw it but the Minister could have avoided that.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇവിടെ പറയേണ്ട കാര്യങ്ങളല്ല ഇതു രണ്ടും. അതുകൊണ്ടു് ഇതു് സഭാ നടപടികളിൽ നിന്നു് നീക്കം ചെയ്യണം.

ശ്രീ. കെ. കരുണാകരൻ : പ്രൊസീഡിംഗ്സിൽനിന്നു് നീക്കേണ്ടതായ കാര്യമില്ല. കാരണം അതു് ഈ മന്ത്രിയെക്കുറിച്ചു് എല്ലാക്കാലത്തും ഓർക്കത്തക്കതാണു് ; അതുകൊണ്ടു് പ്രൊസീഡിംഗ്സിൽ വേണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ചില ഫയലുകൾ സ്റ്റാക്കായി കിടക്കുന്നതുപോലെ ഇതും കിടന്നുകൊള്ളട്ടെ എന്നാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : പാലാ മുനിസിപ്പാലിറ്റിയിൽ ഇപ്പോഴും ഇട്ടു കൊണ്ടിരിക്കുന്ന പൈപ്പുകൾ ഏതെങ്കിലും കമ്പനി റിജക്ട് ചെയ്തതാണോ എന്നും ഏതെങ്കിലും സ്വകാര്യ വ്യക്തിയിൽനിന്നും വാങ്ങിയതാണോ എന്നും ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതുവരെ വിവരം കിട്ടിയിട്ടില്ലെന്നു പറഞ്ഞു. ഇതിനെസംബന്ധിച്ച് രണ്ടോ മൂന്നോ ദിവസത്തിനകം അന്വേഷണം നടത്തി ഇതിന്റെ സത്യാവസ്ഥ ഈ നിയമസഭയെ തരുകയും, അപ്പോൾ ഇട്ടിരിക്കുന്ന പൈപ്പ് റിജക്ട് ചെയ്ത പൈപ്പാണെങ്കിൽ അത് റിമൂവ് ചെയ്യുന്നതിനും സത്വരനടപടികളും സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യപ്രകാരം അന്വേഷിച്ച് മുന്നുനാലു ദിവസത്തിനകം സഭയിൽ മറുപടി നൽകാം.

കേരള സ്റ്റേറ്റു റോഡു ട്രാൻസ്പോർട്ട് കോർപ്പറേഷൻ

1968-69-ൽ ലോണായി എടുത്ത തുക

* 189 [189] ശ്രീ. ജെ. കമലിയാസ് മൊറായിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റു ട്രാൻസ്പോർട്ട് കോർപ്പറേഷൻ 1968-69-ൽ പബ്ലിക് ലോണായി എത്ര കോടി രൂപ എടുത്തിട്ടുണ്ട് ;

(ബി) ലോൺ എടുത്ത സംഖ്യ ഏതെല്ലാം പദ്ധതികളിലേക്കായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു ?

ഗതാഗതമന്ത്രി (ശ്രീ. ഇ കെ ഇമ്പിച്ചിബാവ) :

(എ) 1968-69 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ പബ്ലിക്ക് ലോൺ എടുത്തിട്ടില്ല. 1969-70 വർഷത്തിൽ 134.5 ലക്ഷം രൂപ ലോണായി എടുത്തിട്ടുണ്ട്.

(ബി) 1969-70 സാമ്പത്തികവർഷത്തിൽ കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള ഏകദേശം രണ്ടുകോടി രൂപ ചെലവു വരുന്ന പദ്ധതികളും നടപ്പിലാക്കുന്നതിനാണ് ലോൺ എടുത്തിട്ടുള്ളതു്. 200 പുതിയ ചേസിസ്സുകളും വാങ്ങി ബോഡി പണിതു പുറത്തിറക്കുന്നതിനും, സ്റ്റേറ്റിന്റെ വിവിധ ഭാഗങ്ങളിൽ ബസ് സ്റ്റേഷനുകൾക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഈ സംഖ്യ ഉപയോഗിക്കുന്നതാണ്.

ശ്രീ. ജെ. കമലിയാസ് മൊറായിസ് : ഈ ലോൺ ഉപയോഗിച്ചു വാങ്ങിയ ബസ്സുകൾ പൂർണ്ണമായും നാഷണലൈസു ചെയ്തിട്ടുള്ളതായ താലൂക്കുകളിലും പ്രദേശങ്ങളിലും ഉപയോഗിക്കാൻ ഗവണ്മെന്റു നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ഇ കെ ഇമ്പിച്ചിബാവ : കേരളത്തിന്റെ ആകെ ആവശ്യത്തിനു വേണ്ടിയിട്ടാണ് ലോൺ വാങ്ങിയിട്ടുള്ളതു്. നാഷണലൈസുചെയ്ത റൂട്ടുകളിലേക്കു മാത്രമായിട്ടല്ല. അവിടെയും മറ്റുള്ള സ്ഥലങ്ങളിലേക്കും ഇടും.

ശ്രീ. ജെ കമലിയാസ് മൊറായിസ് : പൂർണ്ണമായും നാഷണലൈസു ചെയ്തിട്ടുള്ള താലൂക്കുകളിലും പ്രദേശങ്ങളിലും ആവശ്യമായ ബസ്സുകൾ ഇടാത്തതുകൊണ്ട് അവിടത്തെ ജനങ്ങൾക്ക് തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട മന്ത്രിക്കും ഗവണ്മെന്റിനും കാർപ്പറേഷനും ബോധ്യമായിട്ടും അവിടെ ബസ്സുകൾ ഓടിക്കാതെ മറ്റുള്ള സ്ഥലങ്ങളിൽ കൊണ്ടുപോകുന്ന എന്നുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവിടെ കൂടുതൽ ബസ്സുകൾ ഓടിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ കെ ഇമ്പിച്ചിബാവ : ബഹു: മെമ്പർതന്നെ ഈ കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആ സ്ഥലങ്ങളിലേക്ക് കൂടുതൽ ബസ്സുകൾ അടുത്തുതന്നെ ഇടുമെന്നാണ് എനിക്കു പറയാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly